(സി) വെർച്വൽ ക്ലാസ്സ് റൂമിൽ എന്തെല്ലാം ആധുനിക സാങ്കേതിക വിദ്യകളാണ് ഉപയോഗിക്കുന്നത് ;

(ഡി) ഏതെല്ലാം ഏജൻസികളുടെ സഹകരണത്തോടെയാണ് ഇവ നടപ്പാക്കുന്നത് ; വിശദമാക്കുമോ ?

ഉത്തരം

(എ) ആരംഭിച്ചിട്ടുണ്ട്. സംസ്ഥാനത്തെ 34 സർക്കാർ ഐ.ടി.ഐ.-കളിൽ വെർച്വൽ ക്ലാസ് റൂം പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

(ബി) വിവര സാങ്കേതിക വിദ്യയിലൂന്നിയ ഇലക്ട്രോണിക് പഠന സൗകര്യങ്ങൾ പ്രയോജനപ്പെടുത്തിയാണ് വെർച്വൽ ക്ലാസ്സ് റൂം പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. ഒരു വിദഗ്ധ പരിശീലകന്റെ സഹായത്താൽ ഒരു വർക്ക്ഷോപ്പിലോ ഒരു ക്ലാസ് മുറിയിലോ നൽകുന്ന പരിശീലനം വിവര സാങ്കേതിക ശൃംഖല മുഖേന സംസ്ഥാനത്തിലെ വിദൂര സ്ഥലങ്ങളിൽ പ്രവർത്തിക്കുന്ന വിവിധ ഐ.ടി.ഐ.-കളിൽ ഒരേ സമയം ഫലപ്രദമായി ഉപയുക്തമാക്കാൻ ഈ പദ്ധതിക്ക് സാധിക്കുന്നു. ഇതിനോടൊപ്പം ഇന്ത്യയിലും വിദേശത്തും നടക്കുന്ന പരിശീലന പരിപാടികൾ വിദ്യാർത്ഥികൾക്ക് തൽസമയം തന്നെ ലഭ്യമാക്കുന്നതിനും ഈ സാങ്കേതികവിദ്യ പ്രയോജനപ്പെടും. കൂടാതെ പരിശീലകന്റെ അഭാവം മൂലം പരിശീലനം തടസ്സപ്പെടുന്ന സാഹചര്യം ഒരു പരിധിവരെ ഒഴിവാക്കാനും സാധിക്കും.

(സി) ഇതിനായി ആധുനിക വിവരസാങ്കേതിക വിദ്യയാണ് ഉപയോഗിക്കുന്നത്. ഇതിൽ കമ്പ്യൂട്ടർ, സി മെടിക് ഇന്റർനെറ്റ് കണക്ഷൻ, എൽ.സി.ഡി. പ്രൊജക്ടർ, ക്യാമറ, മൈക്ക് എന്നീ ഉപകരണങ്ങൾ ഉൾപ്പെടുന്നു.

(ഡി) കേരള സ്റ്റേറ്റ് ഇലക്ട്രോണിക്സ് ഡെവലപ്മെന്റ് കോർപ്പറേഷൻ (കെൽട്രോൺ) മുഖേനയാണ് വെർച്വൽ ക്ലാസ് റൂം പദ്ധതി നടപ്പിലാക്കുന്നത്. ബി.എസ്.എൻ.എൽ.-ന്റെ സേവനം, ഇന്റർനെറ്റ് കണക്ടിവിറ്റിക്കായി ഉപയോഗിക്കുന്നു.

ഐ.ടി.ഐ.-ക്ക് ഗ്രാമപഞ്ചായത്ത് നൽകിയ സ്ഥലം

257 (953) ശ്രീ. പി. ശ്രീരാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊന്നാനി മണ്ഡലത്തിലെ മാറഞ്ചേരി ഗവൺമെന്റ് ഐ.ടി.ഐ.-ക്ക് ഗ്രാമപഞ്ചായത്ത് വിട്ടുനൽകിയ 50 സെന്റ് സ്ഥലം തൊഴിൽ വകുപ്പ് ഏറ്റെടുക്കുന്ന പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വിശദമാക്കുമോ ;

(സി) സ്ഥലം ഏറ്റെടുക്കുന്ന പ്രവൃത്തി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നും ഇനി എന്തൊക്കെ നടപടിക്രമങ്ങളാണ് ഉള്ളതെന്നും വിശദമാക്കുമോ ;

(ഡി) സ്ഥലം ഏറ്റെടുത്തിട്ടുണ്ടെങ്കിൽ കെട്ടിട നിർമ്മാണത്തിനായി തുക വകയിരുത്തി പ്രവൃത്തി നടത്തുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ-ഡി) മാറഞ്ചേരി വില്ലേജ് റീ-സർവ്വേ നമ്പർ 135/4-ൽപ്പെട്ട 50 സെന്റ് ഭൂമിയും അതിലുള്ള കെട്ടിടങ്ങളും വ്യാവസായിക പരിശീലന വകുപ്പിന് കൈമാറുന്നതിന് ജി.ഒ.(ആർ.ടി.) നം.1895/14/ത.സ്വ.ഭ.വ. തീയതി 19-7-2014 പ്രകാരം മാറഞ്ചേരി ഗ്രാമപഞ്ചായത്തിന് അനുമതി നൽകി ഉത്തരവായിട്ടുണ്ട്. സ്ഥലം വ്യാവസായിക പരിശീലന വകുപ്പിന് കൈമാറി നൽകുന്നതിനായി റവന്യൂ വകുപ്പുമായി ചേർന്ന് തുടർ നടപടികൾ സ്ഥലത്തിന്റെ ഇപ്പോഴത്തെ ഉടമ എന്ന നിലയിൽ മാറഞ്ചേരി ഗ്രാമപഞ്ചായത്തിൽ നിന്നും സ്വീകരിച്ചുവരുന്നു. സ്ഥലം വകുപ്പിന് കൈമാറി ലഭിക്കുന്ന മുറയ്ക്ക് നിർമ്മാണ പ്രവൃത്തികൾക്കായി തുക അനുവദിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

ജോബ് ഫെസ്റ്റ്

258 (954) ശ്രീ. എ. എ. അസീസ് :

ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം തൊഴിൽ വകുപ്പിനുകീഴിൽ സംസ്ഥാനത്ത് എത്ര ജോബ് ഫെസ്റ്റുകളാണ് നടത്തിയതെന്നും അവ ഏതൊക്കെ സ്ഥലങ്ങളിലാണ് നടത്തിയതെന്നും വ്യക്തമാക്കുമോ ;

(ബി) ഇവയിൽ എത്ര ഉദ്യോഗാർത്ഥികൾ വീതം പങ്കെടുത്തു ;

(സി) എത്രപേർക്ക് നിയമനം നൽകാൻകഴിഞ്ഞു എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പുമുഖേന ഒമ്പത് തൊഴിൽ മേളകൾ സംഘടിപ്പിച്ചിട്ടുണ്ട്. 2012-13-ൽ എറണാകുളം ജില്ലയിലും 2013-14 സാമ്പത്തിക വർഷത്തിൽ എറണാകുളം, കണ്ണൂർ, കോഴിക്കോട്

LIBRARY ARCHIVES Kerala Legislative Assembly